MONDAY 27.05.2024 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


# Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/05/2024

1. കേരളത്തിലെ കർഷകർക്ക് മികച്ചയിനം നെൽവിത്തുകൾ ലഭ്യമാക്കുന്നതിൽ തടസമില്ലെന്ന് കൃഷിവകുപ്പ്. വരുന്ന ജൂൺ മാസത്തിൽ ആരംഭിക്കുന്ന വിരിപ്പ് സീസണിലേക്കായി മികച്ച ഗുണമേന്മയുള്ള നെൽവിത്തുകൾ കൃഷിഭവനിലൂടെ വിതരണം ചെയ്യുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായി. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് സീഡ് ഫാമുകൾ, കാർഷിക സർവകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള വിവിധ സംസ്ഥാന സ്ഥാപനങ്ങളും ഈ വിതരണ പ്രക്രിയയിൽ സജീവമായി പങ്കുചേരുന്നു. ഉമ, ജ്യോതി, മട്ടത്രിവേണി, മനുരത്ന, കുഞ്ഞുകുഞ്ഞ് എന്നീ നെല്ലിനങ്ങളാണ് വിതരണത്തിനായി ഒരുക്കിയിരിക്കുന്നത്. സംസ്ഥാനത്തുടനീളം കർഷകർക്ക് ആവശ്യമുള്ള നെൽവിത്തുകൾ കൃഷിഭവനുകൾ മുഖേന എത്തിക്കാനുള്ള ക്രമീകരണങ്ങൾ കൃഷിവകുപ്പ് എടുത്തിട്ടുണ്ടെന്നും അധികാരികൾ അറിയിച്ചു.

2. കനത്ത മഴയിലും കാറ്റിലും സംസ്ഥാനത്ത് 1109 ഹെക്ടർ കൃഷി നശിച്ചു. പ്രകൃതിക്ഷോഭം അറിയിക്കാനും വിള ഇൻഷുറൻസ് സഹായങ്ങൾക്കും കൃഷിവകുപ്പ് കൺട്രോൾ റൂമുകൾ തുറന്നു. ജില്ലയും ഫോൺ നമ്പറും താഴെ പറയുന്നു തിരുവനന്തപുരം 9447242977, കൊല്ലം- 9447349503, പത്തനംതിട്ട- 9446041039, ആലപ്പുഴ -9497864490, കോട്ടയം-6238483507, ഇടുക്കി- 9447037987, എറണാകുളം- 9497678634, തൃശ്ശൂർ 9446549273, പാലക്കാട്-9447364599, മലപ്പുറം- 9447228757, കോഴിക്കോട്- 9847616264, വയനാട്-9778036682, കണ്ണൂർ-9495887651, കാസർകോട് 9383471961.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഒരു കിലോയ്ക്ക് 10 രൂപ നിരക്കിൽ ഭക്ഷ്യയോഗ്യമായ കശുമാങ്ങ വിലക്കെടുക്കും. കൂടുതൽ വിവരങ്ങൾക്ക് 8281114651 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ പ്ലാവ് (മുട്ടൻവരിക്ക, ചെമ്പരത്തി വരിക്ക, തേൻവരിക്ക) മുതലായ തൈകൾ, കമ്പോഡിയൻ ഓറഞ്ച്, മാവ് (ഗ്രാഫ്റ്റ്, കോട്ടുകോണം, ചാന്ദ്രക്കാരൻ, നീലം), സപ്പോർട്ട ഗ്രാഫ്റ്റ്, തായ്‌ലന്റ് ജാംബ, പേര, നാരകം പതിത്തൈകൾ, കമുകുതൈ, തെങ്ങിൻതൈ (WCT, കുള്ളൻ), പച്ചക്കറി വിത്ത് തൈകൾ ഫലവർഗത്തൈകൾ, ടിഷ്യൂകൾച്ചർ ബനാന എന്നിവ ലഭ്യമാണ്. വിളിക്കേണ്ട ഫോൺ നമ്പർ 9383470306.

5. കേരള കാർഷിക സർവ്വകലാശാല 2024 -25 അധ്യയന വർഷത്തെ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച പുതിയ കോഴ്സുകൾക്കുൾപ്പെടെയാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. വിവിധ കോഴ്സുകളുടെ പ്രോസ്പക്റ്റസ്, ഫീസ് ഘടന, സീറ്റുകളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങൾ അറിയാനായി www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി : കൃഷി ശാസ്ത്രം, ഓർഗാനിക് അഗ്രികൾച്ചർ എന്നീ ഡിപ്ലോമ കോഴ്സുകൾക്ക് ജൂൺ 14 (14.06.2024) വരെയും, മറ്റു കോഴ്സുകൾക്ക് ജൂൺ 11 (11.06.2024) വരെയും അപേക്ഷിക്കാം. കൂടുതൽ അന്വേഷണങ്ങൾക്കായി, 0487-2438139, 0487-2438143 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

**6.** കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് **"വിള സുസ്ഥിരതയ്ക്കുള്ള ജൈവ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ഇടപെടലുകൾ"** എന്ന വിഷയത്തിൽ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു വരുന്നു. ഈ കോഴ്സിന്റെ രണ്ടാമത്തെ ബാച്ചിലേക്കായി പ്ലസ്ടു /തത്തുല്യ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപയും രജിസ്ട്രേഷൻ സ്വീകരിക്കുന്ന പക്ഷം കോഴ്സ് ഫീസ് 4000 രൂപയും അടക്കേണ്ടതാണ്. (മേൽ തുകകൾ തിരികെ നൽകുന്നതല്ല.) ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ച് നടത്തുന്ന ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇ-സർട്ടിഫിക്കറ്റ് നല്കുന്നതാണ്. ജൈവ ഫാമുകളിലെ ജോലിക്കും സംരംഭങ്ങൾക്കും ഈ കോഴ്സ് വഴിയൊരുക്കും.കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2371104.

7. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **'ശുദ്ധജല മത്സ്യകൃഷി'** എന്ന വിഷയത്തിൽ 31.05.2024-ന് പരിശീലനം സംഘടിപ്പിക്കുന്നു. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773 എന്ന ഫോൺ നമ്പറിൽ മേയ് 31-ന് (31.05.2024) മുമ്പായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം